**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2002-2003 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 2007-2008 ലെ സമാഹൃത റിപ്പോർട്ട്-പരേതനായ ഇ.പി കുഞ്ഞബ്ദുള്ള ഹാജിക്കെതിരെയുള്ള റവന്യൂറിക്കവറി നടപടികൾ അവസാനിപ്പിച്ച്, ബാധ്യതയിൽ നിന്ന് ടിയാനെ ഒഴിവാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**സ.ഉ.(സാധാ)നം2049/2020/തസ്വഭവ.** **തിരുവനന്തപുരം, തീയതി 02/11/2020.**

---

പരാമർശം:-1) 18/12/2008, 20/03/2010 തീയതികളിലെ 32911/എബി2/08/തസ്വഭവ നമ്പർ കത്തുകൾ.

2) 21/12/2016, 02/10/2017 തീയതിയികളിലെവില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡൻെറിൻെറ കത്ത്.

3) 05/07/2018 തീയതിയിലെ സ.ഉ(സാധാ) നമ്പർ.1841/18/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

കോഴിക്കോട് കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2002-03 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതും, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതുമായ "വനിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ കെട്ടിട നിർമ്മാണം" എന്ന പ്രോജക്ട് നടപ്പിലാക്കിയതിലുള്ള അപാകതകൾ നിമിത്തം സംഭവിച്ചിട്ടുള്ള നഷ്ടതുകയായ 1,98,324/-രൂപയും(ഒരു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി മുന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) പലിശയും ശ്രീ. ഇ.പി കുഞ്ഞബ്ദുള്ള ഹാജി പരേതനായ സാഹചര്യത്തിൽ എഴുതിത്തള്ളുന്നതിന് ഗ്രാമപഞ്ചായത്തിന് അനുവാദം നല്കികൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

2. പരാമർശം (2) പ്രകാരമുള്ള കത്തുകളിലെ വസ്തുതകൾ സർക്കാർ വിശദമായി പരിശോധിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ പരേതനായ ശ്രീ ഇ.പി കുഞ്ഞബ്ദുള്ള

ഹാജിക്കെതിരെയുള്ള റവന്യൂറിക്കവറി നടപടികൾ അവസാനിപ്പിച്ച് നഷ്ടത്തുകയുടെ , 1,98,324/-രൂപയും (ഒരു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി മുന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) പലിശയും ഉൾപ്പെട്ട ബാദ്ധ്യതയിൽ നിന്ന് ടിയാനെ ഒഴിവാക്കി കൊണ്ട് ഇതിനാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. **കൂടാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , എൻജിനീയർമാർ എന്നിവർ ബാധ്യതയിൽ നിന്ന് ഒഴിവാകാനുണ്ടായ സാഹചര്യം പുനപരിശോധിച്ച് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.**

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ജെയ്സിപോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**